## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3379 — 19.10.2016 ന് മറുപടിയ്ക്ക്.

### കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടയാളുടെ കുടുംബത്തിന് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ 2013-14 വർഷത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ ഹനീഫ എന്നയാൾ മരണപ്പെട്ട കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ തൊഴിലാളിയുടെ മരണം മൂലം നിരാലംബരായ കുടുംബത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) ശ്രീ.ഹനീഫ എന്നയാൾ നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.1/13 (വൈൽഡ് ലൈഫ്) കേസിലെ മൂന്നാം പ്രതിയാണ്. 1980 ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസിന്റെ സെക്ഷൻ 5(എ) പ്രകാരം, 1961 ലെ കേരള വന നിയമ പ്രകാരമോ, 1972 ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരമോ ശിക്ഷിച്ചതോ അഥവാ കേസ്സിൽ ഉൾപ്പെട്ടതോ ആയ വ്യക്തിക്ക് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടിയാന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുവാൻ സാധിച്ചിട്ടില്ല. |
| (സി) മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യയ്ക്കും മക്കൾക്കും അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

Vatsala S.B

സെക്ഷൻ ഓഫീസർ